# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2489 — 09-12-2014-ൽ മറുപടിക്ക്

### 'യെസ്' സംഗമം 2014

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് 'യെസ്' (Young Entrepreneur Summit) 2014 സംഘടിപ്പിച്ചിട്ടുണ്ടോ വിശദമാക്കുമോ ; | (എ) ഉണ്ട്. കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി / യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്, കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും, യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കു വച്ചു. പല മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ ഏകദേശം 4000 ത്തോളം യുവതി യുവാക്കളാണ് യുവസംരംഭകത്വ സംഗമത്തിൽ പങ്കെടുത്തത്. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) 'യുവസംരംഭക സംഗമത്തിന്റെ' ഉദ്ദേശ ലക്ഷ്യങ്ങൾ താഴെ നൽകിയിരിക്കുന്നു.<br>• യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകുക |

- യുവതലമുറയെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക
- യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ സാക്ഷാത്കരിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക
- കേരളത്തെ യുവസംരംഭകരുടെ സംരംഭകത്വ കേന്ദ്രമാക്കി മാറ്റുക
- സംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക

(സി) എന്തെല്ലാം ആശയങ്ങളാണ് സമ്മിറ്റ് വഴി മുന്നോട്ട് വച്ചത് ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇതിൻമേൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(സി) & (ഡി) യുവ സംരംഭകത്വ സംഗമം 2014-ന്റെ ഭാഗമായി യുവ / വിദ്യാർത്ഥി സംരംഭകർക്ക് അവരുടെ നൂതനമായ ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി അഗ്രികൾച്ചർ & ഫുഡ് പ്രോസസിങ്ങ്, ഇലക്ട്രോണിക്സ് & ഡിജിറ്റൽ മീഡിയ, ഹെൽത്ത് കെയർ & ലൈഫ് സയൻസ്, ബിസിനസ് ഇന്നവേഷൻ & ഗ്രീൻ ടെക്നോളജി, ടൂറിസം & ഹോസ്പിറ്റാലിറ്റി, മാനുഫാക്ചറിംഗ്, ഇൻഫർമേഷൻ ടെക്നോളജി തുടങ്ങി ഏഴ് മേഖലകളിൽ നിന്നും ഏകദേശം അഞ്ഞൂറോളം ആശയങ്ങളാണ് ലഭിച്ചത്. ഇവയിൽ നിന്നും തിരഞ്ഞെടുത്ത മികച്ച പത്ത് ആശയങ്ങൾക്ക് അവാർഡും നൽകുകയുണ്ടായി. ധനസഹായവും, ഇൻകുബേഷൻ സ്പേസും ആവശ്യപ്പെട്ടിട്ടുള്ള യുവ സംരംഭകരുടെ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ